**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്**

**റോക്ക് വെൽ റോഡ് ,എച്ച് എം ടി കോളനി .പി .ഒ .കളമശ്ശേരി ,എറണാകുളം**

**പിൻ 683503 ഫോൺ -0484 -2550322 ,2532890 ഇ മെയിൽ -**

ceo.kied@gmail.com **വെബ്സൈറ്റ് . www. Kied.info**

ബി / 469 /2022-23

29-04-2024

**തടി /വിറക് ലേല പരസ്യം**

ഇ കാര്യാലയ പരിസരത്ത് വെട്ടി സൂക്ഷിച്ചിരിക്കുന്ന താഴെ പറയുന്ന മര തടികൾ ഈ ഓഫീസ് പരിസരത്തു വച്ച് 23-05-2024 തീയതി പകൽ പതിനൊന്നു മണിക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ് .

| ക്രമ നമ്പർ | **ഇനം** | ചുറ്റവണ്ണം (സെ .മി ) | തടി - വ്യാപ്തം | വിറക് - മീറ്റർ |
|---|---|---|---|---|
| 1 | **ആഞ്ഞിലി** | 123 സെ .മി | 0.294 ക്യു.എം | ०.924 മീറ്റർ |
| 2 | **വേങ്ങ** | ശിഖരങ്ങൾ മാത്രം | - | ०.50 മീറ്റർ |
| | | | | |
| | | | | |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും മേൽ പറഞ്ഞിരിക്കുന്ന മരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരത ദ്രവ്യമായ 500/- രൂപ ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ടി മരങ്ങളുടെ ലേലവില്പനക്ക് മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ് .

ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ ഈ കാര്യാലയത്തിൽ 22-05-2024 പകൽ 5 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ് . ദർഘാസിനോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽ കൃത ബാങ്കിൽ നിന്നും **Kerala Institute for Entrepreneurship Develoment** പേരിൽ വാങ്ങിയ 500 രൂപയുടെ **Demad Draft** അടക്കം ചെയ്യേണ്ടതും ആണ് മുദ്രവച്ച ദർഘാസുകളും നിരതദ്രവ്യവും അടങ്ങിയ കവറിനുമുകളിൽ "മരങ്ങൾ ലേലത്തിൽ വാങ്ങുന്നതിനുള്ള ദർഘാസ് എന്നു വ്യക്തമായി രേഖ പെടുത്തേണ്ടുന്നതുമാണ് .

പരസ്യ ലേലം അവസാനിപ്പിച്ച ഉടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റേതോ ദർഘാസിന്റേതോ തുകയിൽ ഏതാണോ കൂടുതൽ , ആയത്തിനു ലേലം ഉറപ്പിക്കുന്നതാണ്. .മരങ്ങൾ ലേലത്തിലെടുത്തയാൾ ഉടൻ തന്നെ ലേലം / ദർഘാസ് അനുസരിച്ചുള്ള തുകയുടെ പകുതിയും ,18% GST യും ,കൂടാതെ വനവികസന നികുതി ആയി മൊത്തം ലേലത്തുകയുടെ (നികുതിയുൾപ്പെടെയുള്ള

തുകയുടെ ) 5% തുക ആയി അടക്കേണ്ടുന്നതുമാണ് . ലേലം ദർഘാസ്സ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടുന്ന മുറക്ക് ബാക്കി തുക അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിനെടുത്ത മരങ്ങൾ മുറിച്ചു നീക്കം ചെയ്യേണ്ടുന്നതുമാണ് .

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ്സ് സ്ഥിരപ്പെടുത്തിക്കിട്ടുന്നയാൾ ലേല നിബന്ധനകൾ തെറ്റിക്കുകയാണെങ്കിൽ , ടിയാൻ അതുവരെ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം നടത്തുന്നതുമായിരിക്കും. ഇപ്രകാരം പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതു മുൻ ലേലക്കാരിൽനിന്നും ഈടാക്കുന്നതും ,മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മേൽ പറഞ്ഞ മരങ്ങൾ 21-05-2024 ന് രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് മുൻകൂർ അനുവാദത്തോടു കൂടി പരിശോധിക്കാവുന്നതാണ് .

യുക്ത മെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തിവയ്ക്കുന്നതും ലേലം 1 ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം മേധാവിയിൽ നിക്ഷിപ്തമാണ്

Signed by
Benedict William Johns
Date: 29-04-2024 14:19:41

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ**